(ബി) പതിനഞ്ചോളം ഡോക്യുമെന്ററികളും മിക്കവാറും എല്ലാ ഹ്രസ്വ ചിത്രങ്ങളും ടി. വി. ചാനലുകളിൽ പ്രദർശിപ്പിച്ചു. എല്ലാ ചിത്രങ്ങളും പരിശീലന പരിപാടികൾ, എക്സിബിഷനുകൾ തുടങ്ങിയവയ്ക്കായി പ്രദർശിപ്പിച്ചിട്ടുണ്ട്.

(സി) 7,22,840 രൂപ (ഏഴ് ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി എണ്ണൂറ്റി നാൽപ്പത് രൂപ)

ഷഡ്കാല ഗോവിന്ദമാരാർ സമിതി

93 (926) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്ക്കാരിക വകുപ്പിനു കീഴിൽ പിറവം നിയോജകമണ്ഡലത്തിലുള്ള ഷഡ്കാലഗോവിന്ദമാരാർ സമിതിക്ക് പ്രതിവർഷം നൽകുന്ന ഗ്രാന്റ് എത്രയാണ് ;

(ബി) ഈ സർക്കാർ ഇവിടെ സ്മാരക മന്ദിരം നിർമ്മിക്കുന്നതിനായി എന്തെങ്കിലും തുക നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ തുക നൽകാൻ ഉദ്ദേശമുണ്ടോ ;

(സി) എങ്കിൽ എന്നത്തേയ്ക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രതിവർഷം 40,000 രൂപ (നാൽപ്പതിനായിരം രൂപ) ഗ്രാന്റ് നൽകുന്നു.

(ബി) ഒരു ലക്ഷം രൂപ സ്പെഷ്യൽ ഗ്രാന്റ് നൽകിയിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

സംരക്ഷിത സ്മാരകങ്ങൾ

94 (930) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. എം. കെ. മുനീർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും സംരക്ഷിത സ്മാരകങ്ങളിലോ സ്ഥലങ്ങളിലോ അനധികൃത നിർമ്മാണ കയ്യേറ്റ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ അവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) അവയുടെ സംരക്ഷണത്തിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഉണ്ട്. നെയ്യാറ്റിൻകര താലൂക്കിലെ പാണ്ഡവൻ പാറ എറണാകുളം അരിയന്നൂർ ക്ഷേത്രം തിരുവനന്തപുരം ജില്ലയിലെ മടവൂർ പാറ ഗുഹാക്ഷേത്രം എന്നീ സംരക്ഷിത സ്മാരകങ്ങളിൽ അനധികൃത നിർമ്മാണ കയ്യേറ്റ ശ്രമങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ;

(സി) ഉണ്ട്. 1968 ലെ പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം അനധികൃത നിർമ്മാണ കയ്യേറ്റശ്രമങ്ങൾ ഉണ്ടായതിനെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ബാധകമല്ല.

സർക്കാർ ഗസറ്റ്

95 (932) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ഗസറ്റ് യഥാസമയം പ്രസിദ്ധീകരിക്കാറുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണ് ;

(ബി) ഗസറ്റ് പ്രസിദ്ധീകരിക്കുന്നതായി അതിൽ കാണിക്കുന്ന തീയതിയും യഥാർത്ഥത്തിൽ ഗസറ്റ് ലഭിക്കുന്ന തീയതിയും ഒന്നു തന്നെയാണോ ;

(സി) 1999 ജൂലായ് മാസം 6-ാം തീയതിയിലെ ഗസറ്റ് എന്നാണ് യഥാർത്ഥത്തിൽ പ്രസിദ്ധീകരിച്ചത് ;

(ഡി) ഈ തീയതികളിലെ അന്തരം കാരണം പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന കഷ്ടപ്പാടുകളും സാമ്പത്തിക നഷ്ടവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) സർക്കാർ ഗസറ്റുകൾ യഥാസമയം തന്നെ പ്രസിദ്ധീകരിക്കാറുണ്ട്. എന്നാൽ നിയമസഭാ സമ്മേളനം, സംസ്ഥാന ബഡ്ജറ്റ്, വിവിധ തെരഞ്ഞെടുപ്പുകൾ എന്നിവയുടെ സമയബന്ധിതമായ ജോലികൾ പൂർത്തിയാക്കേണ്ടി വരുന്ന അവസരങ്ങളിൽ ഗസറ്റ് പ്രസിദ്ധീകരിക്കുന്നതിന് ചെറിയ കാലതാമസം നേരിടുന്നുണ്ട്.

(ബി) ഗസറ്റ് പ്രസിദ്ധീകരിക്കുന്ന തീയതിയിൽ തന്നെ ഗസറ്റിന്റെ സ്പെഷ്യൽ കോപ്പികൾ ബന്ധപ്പെട്ട ഓഫീസുകളിൽ എത്തിക്കാറുണ്ട്. ഓർഡിനറി ഗസറ്റുകൾ തപാൽ വകുപ്പ്, മുഖാന്തിരം രണ്ട് മൂന്ന് ദിവസത്തിനകം തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസിൽ നിന്നും അയയ്ക്കാറുണ്ട്.

(സി) 28-7-1999 ലാണ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly